# അക്കാദമിക
# മാസ്റ്റർ പ്ലാൻ

# 2025-2026

# ജി.എൽ.പി.എസ്
# കൂടത്തുംപാറ

# ആമുഖം

കോഴിക്കോട് ജില്ലയിലെ ഒളവണ്ണ പഞ്ചായത്തിൽ കൂടത്തുംപാറ ഗ്രാമത്തിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. നാഷനൽ ഹൈവേ 66 ന്റെ ഓരത്താണ് സ്കൂൾ. കൂടത്തുംപാറയിലെ ഏക ഗവൺമെന്റ് എൽ പി സ്കൂളാണിത്. 1 മുതൽ 4 വരെ ക്ലാസുകളിലായി അറുപതിൽപരം കുട്ടികൾ പഠിക്കുന്നു. പ്രധാനാധ്യാപിക ഉൾപ്പെടെ നാല് അധ്യാപകരും ഒരു മീനിംഗ് സ്റ്റാഫും ഉണ്ട്. സ്കൂളിനോട് ചേർന്ന് പ്രീപ്രൈമറി ക്ലാസുകൾ പ്രവർത്തിക്കുന്നുണ്ട്. വളരെ നല്ല കെട്ടിടം സ്കൂളിന് സ്വന്തമായുണ്ട്. സ്മാർട്ട് ക്ലാസ് റൂമുകളാണ്. സ്റ്റേജും നല്ല അടുക്കളയും ടോയ്‌ലറ്റുകളും സ്കൂളിലുണ്ട്. വളരെ മികച്ച PTA പ്രവർത്തിച്ചു വരുന്നു. കലാകായിക പ്രവർത്തി പരിചയ മേളകളിൽ മികച്ച പ്രകടനം കാഴ്ച വെച്ചു വരുന്നു. ദിനാചരണങ്ങൾ വളരെ സമുചിതമായ രീതിയിൽ ആചരിക്കാറുണ്ട്. എൽ എസ് എസ് പരീക്ഷകളിൽ കൃത്യമായ പരിശീലനം നൽകി കുട്ടികളെ പങ്കെടുപ്പിക്കാറുണ്ട്. മികവിന്റെ കേന്ദ്രമായി ഈ വിദ്യാലയം മാറട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

# ലക്ഷ്യങ്ങൾ

* ഓരോ ക്ലാസ്സുകളിലും ഓരോ വിഷയവുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
* ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
* കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
* ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
* ഗവേഷണാത്മക അധ്യാപനത്തിനും പഠനത്തിനും അവസരമൊരുക്കുക.
* പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
* പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
* സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനു ഉതു പരമാവധി പ്രവർത്തനങ്ങളൊരുക്കുക.

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | | നടത്തിപ്പ് |
|---|---|---|---|
| ഭാഷാപരമായ ശേഷി രാഹിത്യം. | ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാന ശേഷി പരിശോധന പൂർത്തിയാക്കുന്നു. ആഴ്ചയിലൊരു ദിവസം 'കൂടെ' എന്ന പേരിൽ പിന്നോക്കം നിൽക്കുന്നവർക്കായി പ്രത്യേകം ക്ലാസുകൾ നൽകുന്നു. | | PTA<br>മാതൃസമിതി<br>SRG |
| വ്യത്യസ്ത സാഹിത്യതലങ്ങൾ പരിചയപ്പെടുന്നതിന്. | വിദ്യാരംഗം സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ നടപ്പിലാക്കുന്നു. | | വിദ്യാരംഗം<br>സാഹിത്യവേദി<br>SRG |
| കുട്ടികളിലെ വായനാശീലം പൊതുവിൽ കുറയുന്നതായി അനുഭവപ്പെടുന്നു. | സ്കൂളിൽ വരുന്ന പത്രം പരമാവധി കുട്ടികൾ വായിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നു. ആഴ്ചയിലൊരിക്കൽ പത്രക്വിസ് നടത്തുന്നു. ലൈബ്രറി പരമാവധി ഉപയോഗപ്പെടുത്താൻ അവസരം ഒരുക്കുന്നു. | | ക്ലാസ് അധ്യാപകർ |

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | | |
|---|---|---|---|
| മുഴുവൻ കുട്ടികളും ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ വായിക്കുന്നില്ല. | - ലൈബ്രറി- കുട്ടികൾക്ക് ചുമതല<br>- വായനക്കുറിപ്പ് മത്സരം<br>- ആഴ്ചയിലൊരിക്കൽ അസംബ്ലിയിൽ ഒരു പുസ്തകം അവതരിപ്പിക്കൽ.<br>- ക്ലാസ് ലൈബ്രറി രജിസ്റ്റർ എഴുതി കുട്ടികൾ തന്നെ പുസ്തകങ്ങൾ വിതരണം ചെയ്യുന്നു.<br>- അമ്മ വായന<br>- അമ്മമാർക്കായി മത്സരങ്ങൾ. | | |
| വൈകാരിക വിനിമയ സംവിധാനത്തിന്റെ അഭാവം | ഗൃഹ സന്ദർശനം നടത്തി കുട്ടികളുടെ പരമാവധി വിവരശേഖരണം നടത്തുന്നു.<br>വിദഗ്ധരെ ഉൾപ്പെടുത്തി പാരന്റിംഗ് ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>മാതൃസമിതി പ്രവർത്തനം ശക്തമാക്കുന്നു<br>- സ്കൂൾ സാഹിത്യസമാജം മെച്ചപ്പെടുത്തുന്നു<br>- ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>- സഹവാസ ക്യാമ്പ് സംഘടിപ്പിക്കുന്നു. | | |

| | | |
|---|---|---|
| മലയാളം, ഗണിതം ഇംഗ്ലീഷ് എന്നീ വിഷയങ്ങളിലെ അടിസ്ഥാന ശേഷികൾ കൈ വരിക്കുന്നതിലുള്ള കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളെ ബന്ധിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം. | |
| സ്കൂളിന്റെ അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങൾ പൂർവ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കൂട്ടായ്‌ രൂപീകരിച്ചിട്ടില്ല. | - സ്കൂളിന്റെ വികസനത്തിന് വേണ്ട ഫണ്ട് രൂപീകരണം.<br>- പൂർവ വിദ്യാർത്ഥികളുടെ ലൊപരിപാടികൾ<br>- റിസോഴ്സ് ഗ്രൂപ്പ് ഉണ്ടാക്കൽ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്

## മലയാളം

## 2025 - 26

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, കുറിപ്പെഴുത്ത്, സംയുക്ത ഡയറി, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം. ഈ അധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെടുത്തിക്കൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കിക്കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

⇨ ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.

⇨ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

⇨ എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.

⇨ ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.

⇨ ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരം ഒരുക്കുന്നു.

⇨ രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

⇨ രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ

⇨ സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.

## ജൂൺ

⇨ കൈയെഴുത്ത്, സംയുക്ത ഡയറി എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

⇨ വായന കാർഡുകൾ നിർമ്മാണം.

⇨ കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.

## ജൂലൈ

⇨ സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.

⇨ വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.

⇨ രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.

⇨ പുസ്തകങ്ങൾ തൊട്ടറിയാനും നിരത്തും എടുത്തു നോക്കാനും അവസരം ഒരുക്കുന്നു

⇨ ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.

⇨ അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

## ഓഗസ്റ്റ്

⇨ ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.

⇨ സംയുക്ത ഡയറി എഴുത്ത് തുടരുന്നു.

⇨ പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.

⇨ ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവു മാകുന്നു.

⇨ കുട്ടികളുടെ സ്വന്തം രചനകൾ പ്രദർശിപ്പിക്കുന്നു.

⇨ കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഉറക്കെയും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.

## നവംബർ

⇨ സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ച-പ്പെടുത്തി സ്വന്തം രചയിതാക്കൾ ആകുന്നു.

⇨ കൂട്ട വായന, ചിത്രവായന, വീട്ടുവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

⇨ താളാത്മകമായി കവിതകൾ ചൊല്ലൽ.

⇨ ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

## ഡിസംബർ

⇨ രചന ശേഷി പരിപോഷിപ്പിക്കൽ.

⇨ ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.

⇨ ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.

⇨ ചെറിയ വായന കാർഡുകൾ, ബാലസാഹിത്യ കൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു.

⇨ സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

⇨ സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ജനുവരി.

⇨ കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന, നടത്തുന്നു.

⇨ സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.

⇨ ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

⇨ കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

## ഫെബ്രുവരി

⇨ വീട്ടുവായന, കൂട്ട വായന, നാട്ടുവായന, ചങ്ങല വായന, സ്വന്തവായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.

- ⇨ കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ⇨ ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- ⇨ കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

- ⇨ കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തക രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- ⇨ അക്ഷര പൂർണ്ണതയോടെ തെളിമയ രചനകൾ നടത്തുന്നു.
- ⇨ സ്വതന്ത്ര വായന പ്രോത്സാഹനം.

# ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ :

* ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
* അഞ്ചു വരെയുള്ള സംഖ്യകളെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു
* രണ്ട് ഒറ്റയക്ക സംഖ്യകളുടെ സങ്കലനം.
* രണ്ട് ഒറ്റയക്ക സംഖ്യകളുടെ വ്യവകലനം.
* ഒറ്റയക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ.
* ഒറ്റയക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന

ഉചിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

* ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
* സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ അടുക്കുന്നു.
* ഒരക്കസംഖ്യകൾ എണ്ണി എടുക്കുന്നു. എഴുതുന്നു, വായിക്കുന്നു.

## ജൂൺ

⇨ വിവിധ ആകൃതിയിലുള്ള വസ്തുക്കൾ തിരിച്ചറിയുന്നു. [ചതുരം, ത്രികോണം, വൃത്തം] വരക്കുന്നു.

⇨ സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു.

⇨ സംഖ്യാ കാർഡ് നിർമ്മിക്കൽ.

## ജൂലൈ

⇨ സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

⇨ ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.

## ആഗസ്റ്റ്

⇨ ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.

⇨ കൂടുതൽ, കുറവ് തിരിച്ചറിയുന്നു.

⇨ ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

⇨ സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.

⇨ ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.

⇨ ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയ നടത്തൽ.

⇨ ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്

⇨ സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

### ഒക്ടോബർ

⇨ ഒറ്റസംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ

⇨ ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.

⇨ വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ.

### നവംബർ

⇨ സംഖ്യാ ഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു.

⇨ ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

### ഡിസംബർ

⇨ സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ.

### ജനുവരി.

⇨ ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

⇨ സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.

⇨ ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

⇨ ഗണിത ആൽബം തയ്യാറാക്കുന്നു.

⇨ വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

⇨ ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.

⇨ ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.

⇨ ഉല്ലാസഗണിത പ്രവർത്തനങ്ങൾ.

⇨ സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

# English

The goal for the first grades is to handle english fluently. The first grades must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently like Malayalam. We have to keep the language English close to ours heart.

## Objectives and learning outcomes:

⇨ Respond to simple instructions in the classroom.

⇨ Describe orally about the pictures and objects.

⇨ Familiarise with simple words.

⇨ Enjoy songs and sings them with rhythm and action.

⇨ Familiarise the names of birds, animals, their young ones & identifies them from pictures.

## June

⇨ Intrnoduce Symbol words.

⇨ provides picture cards.

## July

⇨ Identify familiar words.

⇨ Say familiar words.

⇨ Read familiar words.

⇨ write familiar words.

## August

⇨ Enjoy Songs and Sings them with Rhythm and action.

⇨ Describes orally about pictures and objects using adjectives

## September

⇨ Read and write Simple words and Simple Sentences

⇨ provides picture cards and reading cards.

## October

- Introduce Symbol picture descriptions.
- Make word charts, Sentence charts.
- Describing words, rhyming words.
- Text book activities

## November

- Prepare reading Cards.
- Provide more opportunities to read, write and Speak English.
- write 5 English words daily.

## December

- Encourage digital reading.
- Read and Understand Simple instructions in the classroom.

## January.

- Enjoy songs and Sings them with Rhythm and action.
- Collect pictures of animals & its young ones.

February

⇨ provide the opportunity to express myself in the classroom.

⇨ English assembly once in a week.

March.

⇨ Speaks English fluently.

⇨ Read and write Simple Sentences

⇨ picture reading and picture descriptions.

# ഗവ. എൽ.പി സ്കൂൾ കൂടത്തുംപാറ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് II

### ക്ലാസ് അധ്യാപകൻ: അർഷാദ് ടി ടി

## മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സുതല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
✨ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

🌾🌾🌾🌾🌾🌾

✨ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
✨ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

🍡🍡🍡🍡🍡🍡🍡🍡

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ ജൂൺ ✨

- ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായനാ സാമഗ്രികൾ നിർമിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

✨ ജൂലൈ ✨

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ

✨✨✨✨✨

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:– ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ

✨✨✨

🌾 കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

✨✨✨✨

✨ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

✨ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

✨✨✨✨

✨ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)

✨ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

🌾🌾🌾🌾🌾

✨ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ച എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)

✨ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

🌻🌻🌻

🍁 വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

🍁 ഇൻലന്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

🍁 ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

🍁 വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

🍁 ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

## English

Aim . : To speak, Read, & write English without any mistakes
Time – June ,July, August
June
Pretest
To develop listening skills & reading skills first
Listening skills
Games, Action songs Hello English activities,2 conversations, skit stories
Use ICT
Speaking skills
Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August
Reading skills
News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills
Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

## ഗണിതം

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ്" ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

🍁 പ്രവർത്തന ലക്ഷ്യങ്ങൾ

🌻 രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
🌻 സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
🌻 ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
🌻 ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
🌻 ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
🌻 പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

🌻 ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം
🌻 പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ
🌻 1, 2, 3, 4 ......
1,3,5,7....
10,20,30,40,....
5,10,15,20....
2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
🌻 ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നതാണ് 100

- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

- ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25
(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ
നോട്ട് നാണയം

ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

- സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

ക്ലാസ് - 3

Sub Eng.

Aim : To Speak, Read & write English without any mistakes.

Time June to march.

| | |
|---|---|
| June & July | * Pretest<br>* To check the vocabulary and writing skills of pupils.<br>* Games, Action song<br>· Hello english Activities.<br>· Conversations<br>· Skit Stories.<br>· Use ICT<br>speaking skills<br>· Identify the Action words from the picture<br>make simple sentences using the word about picture. |

Growing sentences, Picture reading, self introduction.

· Develop the creative speaking and writing.

August & September

* Reading skills.

· Books reading
· Find words
· Collect and read Past tense
· Rhyming words
· T · B Activities.

* writing skills.

· make word web.
· Picture description.

* word chain.

· make words & sentences.
· make riddles, conversations.
· Add more lines.

Oct

| | |
|---|---|
| October & November | - To express thoughts, feeling etc... <br> Reading skills - Library book reading <br> - conversation, skit, stories, use ICT <br> Read notice. <br> Develop story. <br> - writing skills. <br> . Description <br> . Thoughts |
| December & January. | - Develop the creative speaking and writing. <br> - Reading skills. <br> • Library books reading. <br> • conversation skit stories use ICT. <br> • Develop story. <br> • Reads $diary. <br> - writing skills. <br> Diary. → Announcement. |

February & march. – To improve the presentation power.

– Reading skills.

- ~~bibra~~ Library books reading.
  conversation, Skit Stories.
  develop story.
- Writing Skills.
  - Diary.
  - Description
  - Thought
  - Excibitions.

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ സംവിധാനം. |
|---|---|---|
| ജൂൺ | * ചെടികൾ നിരീക്ഷിക്കുന്നു, പ്രകൃതി നടത്തം<br>* വിത്ത് മുളപ്പിക്കൽ<br>* വ്യത്യസ്ത പൂക്കൾ സസ്യങ്ങൾ എന്നിവ തിരിച്ചറിയൽ<br>* പരിസ്ഥിതി ദിനാചരണം<br>* വിത്ത് മുളക്കൽ - നിരീക്ഷണക്കുറിപ്പ്. | SRG<br>CPTA |
| ജൂലൈ | * വ്യത്യസ്ത ജീവികളെ നിരീക്ഷിക്കൽ, ചിത്രശേഖരണം<br>* മണ്ണ് നിരീക്ഷണം<br>* ജൈവ വൈവിധ്യ ഉദ്യാന നിർമ്മാണം<br>* ഫലങ്ങൾ വരുന്ന ചെടികൾ.<br>* സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ [വർഷം മുഴുവൻ] | PTA, SRG |
| ഓഗസ്റ്റ് | * മഴമാപിനി നിർമ്മാണം<br>* ജല സംരക്ഷണ പോസ്റ്റർ നിർമ്മാണം<br>* കിണർ സന്ദർശനം, മണ്ണ് നിരീക്ഷണം<br>* മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ | SRG. |

| | | |
|---|---|---|
| സെപ്റ്റംബർ | * ശുചിത്വ പോസ്റ്റർ നിർമാണം<br>* സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ<br>* ആരോഗ്യ ബോധവത്കരണ സെമിനാർ<br>* Interview - ആരോഗ്യ പ്രവർത്തകർ. | SRG, PTA |
| ഒക്ടോബർ | * ഫീൽഡ് ട്രിപ്പ്<br>- പഴം പച്ചക്കറി കട<br>* ഫുഡ് ഫെസ്റ്റിവൽ<br>* എന്റെ ആരോഗ്യകാർഡ് - കൊച്ചുകുട്ടികളും.<br>* BMI കാണുന്നു.<br>* സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>* ശരിയായ ഭക്ഷണ ശീലം - പോസ്റ്റർ | PTA, MPTA<br>SRG. |
| നവംബർ | * ആരോഗ്യ വിദഗ്ധരുമായി ക്ലാസ്.<br>റോൾ പ്ലേ - റോഡ് നിയമങ്ങൾ<br>First aid kit തയ്യാറാക്കൽ<br>* സ്വയ സുരക്ഷ<br>- പത്ര ക്ലിപ്പിങ്സ് - ചർച്ച.<br>ബോധവത്കരണം. | |

| | | |
|---|---|---|
| ഡിസംബർ | * ഗ്ലോബ് നിർമ്മാണം<br>* ദേശീയ പതാക വരയ്ക്കൽ<br>* ദേശീയ ചിഹ്നം ങ്ങൾ തിരിച്ചറിയൽ<br>* ഭൂപട വായന<br>* എന്റെ കേരളം, ചോദ്യോത്തരപ്പയറ്റ്.<br>• ചിത്ര രചന<br>കുറിച്ച്<br>* ഭൂപ്രകൃതി തിരിച്ചറിയൽ → google map. | PTA |
| • ജനുവരി<br>• ഫിബ്രവരി | * ജീവികളുടെ കൂടുകൾ - ശേഖരണം<br>ചിത്ര ശേഖരണം.<br>• വ്യത്യസ്ത വീടുകൾ ചിത്ര ശേഖരണം<br>• വീട് നിർമ്മാണം സന്ദർശനം [വ്യത്യസ്ത മോഡലുകൾ]<br>• ഫീൽഡ് വിസിറ്റ് - പൈതൃകമാളിക. | SRG<br>PTA. |
| മാർച്ച് | * പഠനോത്സവം | PTA, MPTA<br>SRG, SSK. |

വിഷയം : മലയാളം.

STD : 3.

ലക്ഷ്യം : വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും
എഴുതാനും സംസാരിക്കാനും കഴിയേണ്ടതാണ്.

: ശബ്ദശേഖരം വർദ്ധിപ്പിക്കൽ

: എഴുത്ത്, വായന, സംസാരശേഷി വർദ്ധിപ്പിക്കൽ.

| | |
|---|---|
| | |
| ആശയങ്ങളിലെ | * Pret പ്രിടെസ്റ്റ്.<br>* നിർദ്ദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായന ശേഷിയും വർദ്ധിപ്പിക്കുക<br>· പ്രവർത്തനങ്ങൾ<br>ഉറക്കെ വായന<br>കഥ പറയൽ<br>കഥ കേൾക്കൽ<br>ICT - ഉപയോഗപ്പെടുത്തി കഥയും പാട്ടും കേൾക്കൽ |

• സംസാരശേഷി
- ചിത്രവായന
- കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം
ക്ലാസ് അവതരണം
- അനുഭവ വിവരണം.
- ചിത്രത്തെ കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കുക
- ചിത്ര വിവരണം

ഓഗസ്റ്റ് & സെപ്റ്റംബർ

* സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക.
* വായനാശേഷി.
- കഥാപുസ്തകങ്ങൾ വായിക്കുക.
- വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക
- പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ.

* - എഴുത്ത് ചിത്രങ്ങൾ
പദസൂര്യൻ.
ചോദ്യ നിർമാണം
വാക്യനിർമ്മാണം, വാക്കുചേർത്ത് വരികൾ കൂട്ടിച്ചേർക്കൽ

| | |
|---|---|
| ഒക്ടോബർ – നവംബർ. | കൃഷിയിടം സന്ദർശനം.<br>കൃഷിപ്പാട്ട്, കൃഷിച്ചൊല്ലുകൾ അവതരണം<br>കുട്ടിക്കളികൾ : അനുഭവ വിവരണം.<br>പതിപ്പ്.<br>നാടൻപ്പാട്ട് ശില്പശാല.<br>: നേർക്കാഴ്ച., |
| ഡിസംബർ – ജനുവരി | |

# ഗവ. എൽ.പി സ്കൂൾ കൂടത്തുംപാറ

# അക്കാദമിക മാസ്റ്റർപ്ലാൻ

## ക്ലാസ് IV

### ക്ലാസ് അധ്യാപകൻ: അഭിനവ് പി

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

**2. വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)**

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ ഒരു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ്- | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

3. കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ-നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം-വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളി | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | ലൂടെ ഗണിത പഠനം രസകരമാക്കൽ. | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | | |

**4. അറിയാം... അടുത്തറിയാം... (പരിസര പഠനം)**

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമേള | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |